(9) നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് എന്നിവയുമായി സഹകരിച്ചും കൊല്ലം ജില്ലയിൽ പടിഞ്ഞാറേ കല്ലടയിൽ 300 ഏക്കറിൽ 50 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ.

സൗരവൈദ്യുതിയ്ക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy System" എന്ന പേരിൽ ഒരു മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.സ്ഥലത്തെ പ്രവൃത്തി

3 (349) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് ബോർഡിന്റെ ഏത് പ്രവൃത്തിക്കാണ് അംഗീകാരം നൽകിയതെന്ന് വെളിപ്പെടുത്താമോ ;

(ബി) നിർദ്ദിഷ്ട സ്ഥലത്ത് ഈ സാമ്പത്തിക വർഷം ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പ്രസ്തുത ഭൂമിയിൽ പുതിയ ടി.എം.ആർ. ഡിവിഷൻ സ്ഥാപിക്കുന്ന കാര്യം ബോർഡ് പരിശോധിച്ച് വരുന്നു.

കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് കുടിശ്ശിക

4 (350) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് നിലവിൽ പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ-ബോർഡുകൾ എന്നിവ ഏതെല്ലാം എന്നും ; കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) കുടിശ്ശികയിനത്തിൽ എത്ര തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട് ; കുടിശ്ശിക അടയ്ക്കുന്നതിൽ എത്ര തുകയുടെ ഒഴിവാക്കൽ/ഇളവുകൾ അനുവദിച്ചിട്ടുണ്ട് ;

(ഡി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ഇ.ബി.യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിൽ കെ. എസ്.ഇ.ബി. യുടെ ശരാശരി പ്രതിമാസ വരവ്-ചെലവ് കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-12-2014-ലെ കണക്കനുസരിച്ച് മുതൽ തുക 1699.90 കോടിയാണ് പിരിഞ്ഞു കിട്ടാനുള്ളത്.

(ബി) കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ :

1	സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	113.20 കോടി
2	കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	0.38 കോടി
3	സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും	909.53 കോടി
4	കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ	36.07 കോടി
5	തദ്ദേശ സ്ഥാപനങ്ങൾ	4.39 കോടി
6	സ്വയംഭരണ സ്ഥാപനങ്ങൾ	2.45 കോടി
	ആകെ	1066 കോടി

സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്*

(സി) 31-12-2014-ലെ കണക്കനുസരിച്ച് സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും വൈദ്യുത ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള മുതൽ തുക 615.99 കോടിയാണ്. ഇതിൽ 333.43 കോടി രൂപ വിവിധ കേസുകളിൽ ഉൾപ്പെട്ട് കിടക്കുകയാണ്. കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശിക അടയ്ക്കുന്നതിന് 31-10-2014-ലെ ഒറ്റത്തവണ തീർപ്പാക്കൽ ഉത്തരവു പ്രകാരം 5 വർഷത്തിനു മേൽ കുടിശ്ശികയുള്ളതിന് പലിശ നിരക്ക് 24%/18% ത്തിൽ നിന്നും 6% ആയും 2 വർഷത്തിനു മുകളിൽ 5 വർഷത്തിനു താഴെ 18% ത്തിൽ നിന്നും 8% ആയും കുറവ് ചെയ്തിട്ടുണ്ട്. ഇതിന് 31-3-2015 വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഡി) 31-3-2011-ലെ കണക്കനുസരിച്ച് 1191.01 കോടി രൂപയാണ്.

(ഇ) 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. കണക്കെടുപ്പ് പൂർത്തിയായ വൈദ്യുതി ബോർഡിന്റെ 1-4-2013 മുതൽ 31-10-2013 വരെയുള്ള താത്കാലിക കണക്കു പ്രകാരം പ്രതിമാസ വരവ് 737.78 കോടി രൂപയും പ്രതിമാസ ചെലവ് 838.80 കോടി രൂപയുമാണ്.

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

5 (351) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ലൈൻമാൻ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിൽ നിന്ന് പ്രൊമോഷൻ നൽകുകയും മസ്ദൂർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്.

കെ.എസ്.ഇ.ബിയുടെ ഊർജ്ജ സംരക്ഷണ പ്രചരണം

6 (352) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly